# Minutes of the 439th Meeting of Kerala Water Authority held on 28/03/2025 at 11:00 AM at Board Room, KWA.

**PRESENT:**

| | | | |
|---|---|---|---|
| 1. | Sri. Bishwanath Sinha IAS | : | Chairman, Kerala Water Authority and Additional Chief Secretary, Home & Vigilance, and Water Resource, Coastal Shipping & Inland Navigation Departments. |
| 2. | Sri. Jeevan Babu K. IAS | : | Managing Director, KWA |
| 3. | Smt. Bindu. T B | : | Technical Member, KWA |
| 4. | Sri. Mohammed Ansel H | : | Executive Director (i/c), KRWSA. |
| 5. | Adv. Jose Joseph | : | Member |
| 6. | Sri. Shaji Pamboori | : | Member |
| 7. | Sri. R. Subhash | : | Member |
| 8. | Smt. Tixy. S Nelson | : | Joint Secretary, Finance |
| 9. | Smt. Sheeja. R S | : | Joint Secretary, LSGD |
| 10. | Sri. Gopakumar. G S | : | Secretary, KWA |

The meeting commenced at 11:00 AM, and the Chairman welcomed all to the meeting.

| | |
|---|---|
| **Item No. I** | **Confirmation of the Minutes of the 438th meeting held on 21/01/2025.** |
| **Decision** | The Authority confirmed the minutes of the 438th meeting held on 21/01/2025. |
| **Item No. II** | **Review of Action Taken in the Previous Meetings.** |
| | The Authority reviewed the Action Taken Report placed before it. |

**SECRETARY** **MANAGING DIRECTOR** **CHAIRMAN**

# Action Taken Report on the decisions taken by the Authority

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| 1 | 424th Meeting held on 22/02/2022 Item No. VI(6) | **Report on engaging HR labourers and payment of their wages.**<br>**Res No.11208:**<br>The Authority discussed the agenda in detail and resolved to accept the report on engaging HR labourers and payment of their wages. The Authority also resolved to entrust Managing Director for the implementation of the same. | Based on various representations submitted to Government by HR labourers for ensuring minimum wages, job security etc., the Authority constituted a committee to look into the matter and submit a report to the Board. The committee headed by Sri. Alex Kannamala, (the then Board member) submitted the report. The report was approved by the Authority. The recommendation of the committee to provide minimum wages has been submitted to Government for concurrence.<br>The additional data on additional commitment, source for meeting this expenditure etc., sought by the Government has already been submitted.<br>It has informed that KWA is providing the rates as per previous schedule of rate with 25% hike. The Board Member, Sri. Subhash, requested to provide minimum wages fixed by Government. The Board directed to follow up the same in Government. Follow up done with Government. | Further action to be taken at Government Level.<br>***Hence, this item to be deleted from next ATR.*** |

SECRETARY MANAGING DIRECTOR CHAIRMAN

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| 2 | 430th meeting held on 15/12/2022 General Item No 5 | **അനൗദ്യോഗ അംഗങ്ങൾക്ക് സിറ്റിംഗ് ഫീ ഉയർത്തുന്നത് സംബന്ധിച്ച്** നിലവിലെ സിറ്റിംഗ് ഫീ 600 രൂപയാണെന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ സിറ്റിംഗ് ഫീ 2000 രൂപയുണ്ടെന്നും ഈ സാഹചര്യത്തിൽ അതോറിറ്റി യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള സിറ്റിംഗ് ഫീ ഉയർത്തേണ്ടതാണെന്നും ബഹുമാനപ്പെട്ട ബോർഡ് മെമ്പർ ശ്രീ ഉഷാലയം ശിവരാജൻ ബോർഡിൽ അവതരിപ്പിച്ചു.<br>പ്രസ്തുത വിഷയം പഠിച്ച് ആവശ്യമായ തീരുമാനം എടുക്കുന്നതിന് അതോറിറ്റി ചീഫ് എൻജിനീയർ (എച്ച് ആർ ഡി ആൻഡ് ജനറൽ)-നെ ചുമതലപ്പെടുത്തി. | GO (P) No.81/2016/FIN dated 9-6-2016 അനുസരിച്ച് നഷ്ടത്തിലോടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ അനൗദ്യോഗിക ബോർഡ്മെമ്പർമാരുടെ സിറ്റിംഗ് ഫീ 600 ആണ്. ആയതിനാൽ കാലോചിതമായ മാറ്റം വരുത്തുന്നതിനായി ഗവൺമെന്റിലേക്ക് 20.04.2023 ലെ 2683/AE2(SU)/2023/ കെ.ഡബ്ല്യൂ.എ നമ്പർ കത്ത് മുഖേന സമർപ്പിച്ചിട്ടുണ്ട്.<br>പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ബോർഡ് യോഗങ്ങളുടെ സിറ്റിംഗ് ഫീസ് വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിച്ചു വരികയാണെന്ന് 12/11/2024 തീയതിയിൽ സി2/100/2023/ ജ.വി.വ കത്ത് മുഖേന സർക്കാരിൽ നിന്നും അറിയിച്ചിട്ടുണ്ട്.<br>ഈ വിഷയത്തിൽ സർക്കാർ തലത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്താമെന്ന ചെയർമാൻ അറിയിച്ചു. | Further action to be taken at Government Level.<br>***Hence, this item to be deleted from next ATR.*** |



SECRETARY MANAGING DIRECTOR CHAIRMAN

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| 3 | 435th meeting held on 23/02/2024 Item No. V | **ചവറ, പന്മന ഗ്രാമപഞ്ചായത്തുകളുടെ (ജലനിധി) - നിലവിലെ വാട്ടർ ചാർജ് കുടിശ്ശിക ഒഴിവാക്കുന്നത് സംബന്ധിച്ച്.** അതോറിറ്റി അജണ്ട വിശദമായി ചർച്ച ചെയ്തു. ഡിസംബർ 2023 വരെ ചവറ ജലനിധി കണക്ഷനിലെ കുടിശ്ശിക 5,19,95,253/- രൂപയും (വാട്ടർ ചാർജ് - 5,07,06,126/- രൂപ, ഫൈൻ - 12,89,127/- രൂപ), പന്മന ജലനിധി കണക്ഷനിലെ കുടിശ്ശിക 5,87,43,837/- രൂപയുമാണ് (വാട്ടർ ചാർജ് - 5,78,88,621/- രൂപ, ഫൈൻ - 8,55,216/- രൂപ). അതായത് ഈ രണ്ട് ജലനിധി പദ്ധതികളുടെ നിലവിലെ കുടിശ്ശിക 11,07,39,090/- രൂപയാണെന്ന് ബോർഡ് നിരീക്ഷിച്ചു. പ്രസ്തുത പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് പലിശ ഒഴിവാക്കി നൽകിയാലും കുടിശ്ശിക തുക ഒടുക്കാൻ ബുദ്ധിമുട്ടായിരിക്കുമെന്ന് ജോയിൻറ് മാനേജിംഗ് ഡയറക്ടർ ബോർഡ് | Meeting conducted at MLA level but no decision on arrear amounts payable have been agreed upon. It was decided to have a meeting chaired by minister to arrive at an agreeable decision regarding arrear amount. MLA has directed Jalanidhis to remit the monthly demand from April 2024 onwards to avoid further actions including disconnection. Hon'ble Minister had a meeting on the matter on 07/08/2024. Superintending Engineer, PH Circle Kollam shall be directed to submit a detailed report with suggestions to sort out the issue and the matter may be informed to next Board meeting.<br>പ്രസ്തുത വിഷയത്തിന്മേലുള്ള കൊല്ലം സൂപ്രണ്ടിങ് എഞ്ചിനീറുടെ ശിപാർശ ചുവടെ ചേർക്കുന്നു. പന്മന ജലനിധിയുടെ 7/2024 - വരെയുള്ള കുടിശ്ശിക തുകയായ 5.66 ലക്ഷം രൂപ അടയ്ക്കുന്നതിന് പന്മന ഗ്രാമപഞ്ചായത്ത്, ജലനിധി SLEC, ഭാരവാഹികൾക്ക് നിർദേശം | കൊല്ലം സൂപ്രണ്ടിങ് എഞ്ചിനീറുടെ ശിപാർശയിന്മേൽ തുടർ നടപടിക്ക് നിർദ്ദേശിച്ചു. |



SECRETARY MANAGING DIRECTOR CHAIRMAN

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| | | യോഗത്തെ അറിയിച്ചു. ബഹുമാനപ്പെട്ട എം.എൽ.എ, ബോർഡ് മെമ്പർ ശ്രീ ഉഷാലയം ശിവരാജൻ എന്നവരുടെ നേതൃത്തത്തിൽ യോഗങ്ങൾ കൂടി തീരുമാനമെടുത്തെങ്കിലും ഇതുവരെയും തുക ഒടുക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ, ബോർഡ് മെമ്പർ എന്നിവരുടെ സാനിധ്യത്തിൽ ഒരു യോഗം കൂടി നടത്തിയ ശേഷം എത്ര തുക പഞ്ചായത്തുകൾക്ക് ഒടുക്കാൻ സാധിക്കും എന്നത് സംബന്ധിച്ച് ഒരു അജണ്ട ബോർഡ് മുമ്പാകെ സമർപ്പിക്കാം എന്ന് ജോയിൻറ് മാനേജിംഗ് ഡയറക്ടർ അഭിപ്രായപ്പെട്ടു. ആയത് സംബന്ധിച്ച് യോഗം നടത്തി NRW ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് വിശദമായ അജണ്ട അടുത്ത് യോഗത്തിൽ സമർപ്പിക്കുന്നതിന് ബോർഡ് നിർദ്ദേശിച്ചു. | നൽകാവുന്നതാണ്. കുടിശിക തീർത്തും അടയ്ക്കുന്നത് വരെ പ്രതിമാസ വാട്ടർ ചാർജ് എല്ലാ മാസവും ആദ്യത്താഴ്ച തന്നെ ഒടുക്കുന്നതിനുള്ള നിർദേശവും SLEC യ്ക്കും, പഞ്ചായത്തിനും നൽകാവുന്നതാണ് CH123 കണക്ഷന്റെ 7/2024 വരെയുള്ള പുനർനിർണയിച്ച കുടിശ്ശികയായ 4,03,20,117/- രൂപ ഉടനടി ഒടുക്കുന്നതിനും, CH 4 ന്റെ കുടിശ്ശികയായ 99,25,844/- രൂപ പഞ്ചായത്തോ SLEC ഭാരവാഹികളോ ഒടുക്കുന്നതിനും CH5 ന്റെ 7/2024 വരെയുള്ള കുടിശ്ശികയായ 81,89,899/-രൂപയിൽ ആക്ഷേപമുള്ള പക്ഷം 2/22 മുതൽ 7/24 വരെയുള്ള ബിൽ തുകയിൽ (51,35,435/-) പുതിയ മീറ്റർ റീഡിങ് 3 മാസം പരിശോധിച്ച് അതിൻപ്രകാരം പുതുക്കി നിശ്ചയിക്കുന്നതിനും അതിൻപ്രകാരം ഒടുക്കുന്നതിനും ബന്ധപ്പെട്ട പഞ്ചായത്ത്, SLEC ജലനിധി ഭാരവാഹികൾക്ക് നിർദേശം നൽകാവുന്നതാണ്. കുടിശ്ശിക തീർത്തും അടയ്ക്കുന്നതു വരെ പ്രതിമാസ വാട്ടർചാർജ് | |

SECRETARY MANAGING DIRECTOR CHAIRMAN

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| | | | എല്ലാമാസവും ആദ്യ ആഴ്ച തന്നെ ഒടുക്കുന്നതിനുള്ള തീരുമാനം SLEC ക്കും, ചവറ പഞ്ചായത്തിനും നൽകാവുന്നതാണ്. | |
| 4 | 435th meeting held on 23/02/2024 Item No.XIV | **06/06/2019-ലെ ജലനിധി പ്രതിനിധി-കളുമായി നടത്തിയ - ആർബിട്രേഷൻ മീറ്റിംഗിലെ തീരുമാനങ്ങളുടെ സാധൂകരണത്തിനായുള്ള അജണ്ട സംബന്ധിച്ച്.**<br>**Resolution No. 11337:**<br>ജലനിധി പദ്ധതി വഴി കെ.ആർ.ഡബ്ല്യു.എസ്.എ. ഗ്രാമപഞ്ചായത്ത് എന്നിവയുമായി സഹകരിച്ച്, കേരള വാട്ടർ അതോറിറ്റി ശുദ്ധീകരിച്ച ജലം ബൾക്ക് വാട്ടർ സ്കീം വഴി ആവശ്യനുസരണം വിതരണം ചെയ്യുന്നു. കേരള ഗവൺമെൻറ് നിശ്ചയിച്ച നിരക്കിൽ ബൾക്ക് വാട്ടർ മീറ്റർ റീഡിംഗിനെ അടിസ്ഥാനമാക്കി കെ.ഡബ്ല്യു.എക്ക് ബൾക്ക് വാട്ടർ ചാർജ് നൽകണം. 2023 ഫെബ്രുവരി മാസം എല്ലാ ഉപഭോക്താക്കളുടെയും വാട്ടർചാർജ് ഒരു ലിറ്ററിന് ഒരു പൈസ | The subject is under the consideration of the Hon'ble High Court of Kerala WP (C) No: 19280 of 2023 dated 14/06/2023. The court directed the WRD secretary to hold a hearing. The necessary details has been furnished vide KWA-JB/5341/2023-R4(RMC). 12/08/2024-ൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജലനിധി വിഷയത്തിൽ യോഗം വിളിച്ച് ചേർക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.<br><br>തുടർന്ന്, പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിന് 07/01/2025-ന് ഉച്ചക്ക് 2:30-ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. ടി യോഗത്തിൽ ജലനിധിയുടെ വാട്ടർ ചാർജ്ജ് റേറ്റ് വിഷയത്തിൻ്റെ നിലവിലെ | Board noted the item. |



SECRETARY MANAGING DIRECTOR CHAIRMAN

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| | | നിരക്കിൽ വർധിപ്പിച്ചിരുന്നു. നിലവിലെ ബൾക്ക് വാട്ടർ ചാർജ്ജ് ആയിരം ലിറ്ററിന് 16.62 രൂപയാണ്. അതോറിട്ടി ബോർഡ് മീറ്റിംഗ് അജണ്ട വിശദമായി ചർച്ച ചെയ്തു. ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 06.06.2019-ന് കൂടിയ ആർബിട്രേഷൻ മീറ്റിംഗിലെ തീരുമാനമാനങ്ങളാണ് ബോർഡിൻറെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. അതിൽ ട്രയൽ റൺ കാലയളവിലെ ആദ്യ മൂന്നു മാസത്തെ വാട്ടർ ചാർജ് ഒഴിവാക്കുകയും അടുത്ത 3 മാസത്തെ വാട്ടർ ചാർജിൽ 50% ഇളവ് നൽകുകയും ചെയ്ത തീരുമാനം സാധൂകരിക്കുന്നു. ആർബിട്രേഷൻ മീറ്റിംഗിലെ ബാക്കിയുള്ള തീരുമാനങ്ങൾ ജോയിൻറ് മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ NRW ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് വിശദമായ ചർച്ച നടത്തി, റിപ്പോർട്ട് ബോർഡിൻറെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ചു. | സ്ഥിതിയെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു. പ്രസ്തുത മീറ്റിംഗിന്റെ മിനുട്സ് ലഭ്യമാകുന്ന മുറയ്ക്ക് ബോർഡിൻറെ അറിവിലേക്കും തുടർ നിർദേശങ്ങൾക്കുമായി സമർപ്പിക്കുന്നതാണ് | |

SECRETARY MANAGING DIRECTOR CHAIRMAN

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| 5 | 436th meeting held on 25/05/2024 Item No VI | **Interim Augmentation of Thiruvananthapuram WSS Construction of 5.6 ML capacity GL reservoir and office building in the water works campus- Revised Estimate - Sanction.**<br>The Authority discussed the subject Revised Estimate in detail and noted that the revised estimate amount comes to Rs.154,19,028/- which is 67.03% above the tendered PAC of Rs.92,31,116/-. It is also noted that without sanctioning the Revised estimate, an amount of Rs.2,00,96,430/- has been paid to the contractor by the Executive Engineer, Interim Augmentation Division, Thiruvananthapuram after executing an agreement dated 24/06/1996 by the contractor with an undertaking that the contractor shall refund any excess payment made due to enhanced rate or enhanced quantity at the time of final approval of Revised estimate. The Board directed to examine, under which order / direction the above payments are made and place the RE before the Board with all these details. | Based on the Board resolution, CE (SR) was requested vide letter dated 11/06/2024 to submit the relevant orders/directions under which excess payments were made to the contractor and reminded vide letter dated 11/07/2024. Reply has been submitted by Chief Engineer (SR). But they are not able to collect all the associated documents. Managing Director ensured to present the issue before the next Board meeting by ensuring all the associated available documents are inspected. | Agenda note regarding the subject, presented before this Board Meeting.<br>***Hence, this item to be removed and action taken on new agenda to be included in next ATR.*** |



SECRETARY MANAGING DIRECTOR CHAIRMAN

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| 6 | 436th meeting held on 25/05/2024 Item No XIV | **കോഴിക്കോട് ജില്ല, കോഴിക്കോട് താലൂക്ക്, പെരുമണ്ണ വില്ലേജിൽ വാട്ടർ അതോറിറ്റി അക്വയർ ചെയ്ത സ്ഥലത്തിൽ വഴി അനുവദിക്കുന്നത് - സംബന്ധിച്ച്.**<br>വിഷയവുമായി ബന്ധപ്പെട്ട്, ജോയിൻറ് മാനേജിംഗ് ഡയറക്ടറുടെ സ്ഥല സന്ദർശന റിപ്പോർട്ട് ബോർഡ് യോഗം ചർച്ച ചെയ്തു. പ്രസ്തുത ഭൂമി JICA പ്രൊജക്ടുമായി ബന്ധപ്പെട്ട് സർക്കാർ ഏറ്റെടുത്തതായതിനാൽ, വില വാങ്ങി ഭൂമി വിട്ടു നൽകുന്നതിൻറെ മാർഗ്ഗ-നിർദ്ദേശങ്ങൾ പരിശോധിക്കേണ്ടതു-ണ്ടെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു. ആയതിനാൽ പ്രസ്തുത മാർഗ്ഗ-നിർദ്ദേശങ്ങൾ കൂടി പരിശോധിച്ച് വിശദമായ അജണ്ട സമർപ്പിക്കാൻ നിർദ്ദേശിച്ചു. | പ്രസ്തുത ഭൂമി JICA പ്രൊജക്ടുമായി ബന്ധപ്പെട്ട് സർക്കാർ ഏറ്റെടുത്തതായതിനാൽ, ഇതിലൂടെ വഴി അനുവദിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നിർദേശം നല്കിയിട്ടുണ്ട് ഉത്തര മേഖല ചീഫ് എൻജിനീയറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അടുത്ത ബോർഡ് മീറ്റിംഗിനു മുമ്പാകെ സമർപ്പിക്കുന്നതാണ്. | ഇതു സംബന്ധിച്ച അജണ്ട കുറിപ്പ് ഇത്തവണത്തെ അതോറിറ്റി യോഗത്തിനു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.<br>***അതിനാൽ, ഈ ഐറ്റം നീക്കം ചെയ്ത്, പുതിയ അജണ്ടയുടെ തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടി അടുത്ത ATR-ൽ ഉൾപ്പെടുത്തണം.*** |



SECRETARY

MANAGING DIRECTOR

CHAIRMAN

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| 7 | 437th meeting held on 12/08/2024 Item No X | **ANERT-SCTL- സോളാർ സിറ്റി പ്രോജക്ട് സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന പൊതു EV ചാർജിംഗ് സ്റ്റേഷനുകളുടെ ഇൻസ്റ്റലേഷൻ - ഭൂമിക്കുള്ള NOC ലഭ്യമാക്കുന്നത് സംബന്ധിച്ച്.**<br>സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷൻ ഏരിയയിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന പൊതു ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളതായി ANERT ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഫണ്ട് സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് വഹിക്കുമെന്നും ചാർജിംഗ് സ്റ്റേഷൻറെ ലാഭത്തിൻറെ 50% ഭൂവുടമയ്ക്ക് ഭൂമി വാടകയായി നൽകുമെന്നും അറിയിച്ചിട്ടുണ്ട്. ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കാനായി 1500 Sq.ft സ്ഥലമാണ് ആവശ്യമായി വരുന്നത് എന്നും അറിയിച്ചിട്ടുണ്ട്. മ്യൂസിയം പോലീസ് സ്റ്റേഷന് എതിർവശത്തുള്ള | ANERT ൽ നിന്നും ലഭ്യമായ അധിക വിവരങ്ങൾ ഉൾപ്പെടുത്തി അജണ്ട സമർപ്പിക്കുന്നതാണ്. | EV ചാർജിങ് സ്റ്റേഷനു വേണ്ടി ANERT ആവശ്യപ്പെട്ട KWA യുടെ കൈവശമുള്ള ഭൂമി NWR ൻറെ ഭാഗമായി Start-Up സ്ഥാപനവുമായി ചേർന്ന് മറ്റൊരു പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ<br>പുരോഗമിക്കുന്നതിനാൽ, മറ്റ് പ്രൊപോസലുകൾ സ്ഥല ലഭ്യത അനുസരിച്ച് അതിനു ശേഷം<br>പരിഗണിക്കുന്നതായിരിക്കും.<br>***അതിനാൽ, ഈ ഐറ്റം അടുത്ത ATR-ൽ നിന്നും നീക്കം ചെയ്യണം.*** |



SECRETARY MANAGING DIRECTOR CHAIRMAN

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| | | കേരള വാട്ടർ അതോറിറ്റി കൈവശമിരിക്കുന്ന സൈറ്റ് അനെർട്ടിൻറെ സാങ്കേതിക സംഘം പരിശോധിക്കുകയും ഭൂമിയുടെ NOC, അംഗീകൃത ലൊക്കേഷൻ സ്കെച്ച്, സമ്മതപത്രം എന്നിവ ലഭ്യമായാൽ 2 ആഴ്ചയ്ക്കുള്ളിൽ ഇൻസ്റ്റലേഷൻ ജോലികൾ ആരംഭിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. 10 വർഷത്തേക്കുള്ള പാട്ട കരാറിനാണ് ഭൂമി ആവശ്യപ്പെട്ടിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയുടെ വസ്തു വകകളിൽ ജലേതര വരുമാനം (NWR) ഉയർത്തുന്നതിന് EV ചാർജിങ് ഉൾപ്പെടെയുള്ള പദ്ധതികൾ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ നിന്നും ലഭിക്കാവുന്ന ഏകദേശ വരുമാനം കൂടി ഉൾപ്പെടുത്തി അടുത്ത ബോർഡ് യോഗത്തിൽ അജണ്ട സമർപ്പിക്കാൻ നിർദ്ദേശിച്ചു. | | |



SECRETARY MANAGING DIRECTOR CHAIRMAN

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| 8 | 438th meeting held on 21/01/2025 Item No. III | **2020-2021 വർഷത്തെ കേരള വാട്ടർ അതോറിറ്റിയുടെ പുതുക്കിയ വാർഷിക കണക്കുകളും ഡ്രാഫ്റ്റ് സെപ്പറേറ്റ് ഓഡിറ്റ് റിപ്പോർട്ടിൻ്റെ മറുപടിയും.**<br>Resolution No. 11360:<br>അതോറിറ്റി യോഗം വിഷയം ചർച്ച ചെയ്തു. കേരള വാട്ടർ അതോറിറ്റിയുടെ റെസൊല്യൂഷൻ നമ്പർ 11169 പ്രകാരം മാനേജിങ് ഡയറക്ടർക്ക നൽകിയ അധികാരം ഉപയോഗിച്ച് 2020-21 ലെ വാർഷിക കണക്കുകൾ പരിഷ്കരിച്ച മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നു. എ.ജിയുടെ ആവശ്യപ്രകാരം 2020-21 ലെ പരിഷ്കരിച്ച വാർഷിക കണക്കുകൾ ബോർഡ് അംഗീകരിച്ച് അക്കൗണ്ടൻറ് ജനറൽ ഓഫീസിലേക്ക് കൈമാറുവാനും തീരുമാനിച്ചു. | | പരിഷ്കരിച്ച വാർഷിക കണക്കുകൾ അക്കൗണ്ടൻറ് ജനറലിന് സമർപ്പിച്ചു.<br><br>ACTION OVER. |
| 9 | 438th meeting held on 21/01/2025 Item No. IV | **Proposal for State Share Funding of Jal Jeevan Mission by Institutional Loan**<br>**Resolution No. 11361:**<br>The Authority discussed the agenda in detail. The Authority noted that the proposal to secure a loan of ₹12,000 crores to cover the State's share for the implementation of the Jal Jeevan Mission has already submitted to Government as concurrence of Finance Department is needed for securing such a loan and the proposal is under process in Government. | | Proposal submitted to Government.<br><br>**ACTION OVER.** |
| 10 | 438th meeting held on | **കേരള വാട്ടർ അതോറിറ്റിയിലെ പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നതിനായുള്ള സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെൻറുകൾ - അംഗീകരിക്കുന്നത് സംബന്ധിച്ച്.**<br>Resolution No. 11362: | | |

**SECRETARY** **MANAGING DIRECTOR** **CHAIRMAN**

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| | 21/01/2025<br>Item No. V | അതോറിറ്റി യോഗം വിഷയം വിശദമായി ചർച്ച ചെയ്തു.Standard Bid Document (SBD)-ൽ, Part II- General Conditions of Contract-ൽ Clause 75.2 Contract Supplied materials-ൽ "k. On each supply, Contractor may submit bills for materials supplied not exceeding 80% of estimate rate/quoted rate of materials whichever is less and balance 20% will be paid only after laying, testing and commissioning of the pipe line." ഉൾപ്പെടുത്താനും, Part III Special Conditions of Contract-ൽ 20. Advance Payments ഒഴിവാക്കുവാനും തീരുമാനിച്ചു. പ്രസ്തുത തീരുമാനം ഉൾപ്പെടെ ടെക്നിക്കൽ കമ്മിറ്റി യോഗത്തിലെ ശുപാർശകൾ ഉൾക്കൊള്ളിച്ച കരട് സ്റ്റാൻഡേർഡ് ബിഡിങ് ഡോക്യുമെന്റ് അംഗീകരിക്കാനും, PRICE 3.0-ൽ ഉൾപ്പെടുത്തുന്നതിനായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും തീരുമാനിച്ചു. | | The standard bidding document submitted to the Government.<br><br>**ACTION OVER**. |
| 11 | 438th meeting held on 21/01/2025<br>Item No. VI | **Kerala Water Authority (Administrative, Ministerial and Last Grade) Service Rules, 2011 & Kerala Water Authority Technical Service Rules, 2023 - ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്.**<br>**Resolution No. 11363:**<br>ബോർഡ് യോഗം വിഷയം ചർച്ച ചെയ്തു. വകുപ്പ്തല പരീക്ഷ നിർബന്ധമാക്കിയിട്ടുള്ള തസ്തികകൾക്ക് ഭാവിയിൽ നിരീക്ഷണ കാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് Kerala Water Supply and Sewerage Act 1986 & its amendments സംബന്ധിച്ച പരീക്ഷ കൂടി വിജയിക്കണമെന്ന നിർദ്ദേശം അതോറിറ്റി ബോർഡ് യോഗം അംഗീകരിച്ചു. | | Proposal submitted to Government.<br><br>**ACTION OVER**. |

**SECRETARY** **MANAGING DIRECTOR** **CHAIRMAN**

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| 12 | 438th meeting held on 21/01/2025 Item No. VII | **സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻകാരുടെയും ഡി എ/ഡി ആർ 3% വർധിപ്പിച്ചത് കേരള വാട്ടർ അതോറിറ്റി ജീവനക്കാർക്കും പെൻഷൻകാർക്കും കൂടി അനുവദിച്ച് നൽകിയത് സാധൂകരിക്കുന്നത് സംബന്ധിച്ച്.**<br>**Resolution No. 11364:**<br>26.10.2024 തീയതിയിലെ GO(P) No. 91/2024-FIN ഉത്തരവ്, കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാർക്കും സർവ്വീസ് പെൻഷൻ കാർക്കും ഫാമിലി പെൻഷൻകാർക്കും ബാധകമാക്കിയ മാനേജിംഗ് ഡയറക്ടരുടെ നടപടി സാധൂകരിക്കുന്നതിന് ബോർഡ് തീരുമാനിച്ചു. | | Ratified.<br>**ACTION OVER** |
| 13 | 438th meeting held on 21/01/2025 Item No. IX | **ട്രാവൻ പ്ലാസ ഡവലപ്പേഴ്സ് തൈക്കാട് വില്ലേജിൻ്റെ Re. Sy. No. 93, 97-ൽ കെട്ടിടം പണിയുന്നതിന് സമർപ്പിച്ചിട്ടുള്ള ബദൽ പ്രൊപോസൽ**<br>അതോറിറ്റി ബോർഡ് യോഗം വിഷയം സംബന്ധിച്ച് പാലക്കാട് ഐഐടി യുടെ റിപ്പോർട്ട് വിശദമായി ചർച്ച ചെയ്തു. പൈപ്പ് ലൈനിനു മുകളിലൂടെയുള്ള വലിയ / ഭാരം കയറ്റിയ വാഹനങ്ങളുടെ സഞ്ചാരം നിയന്ത്രിക്കണമെന്ന IIT പാലക്കാടിൻ്റെ നിർദ്ദേശം എങ്ങനെ നടപ്പിലാക്കാൻ സാധിക്കുമെന്ന് ചെയർമാൻ ആരാഞ്ഞു. ഇതുമായി ബന്ധപ്പെട്ട് പൈപ്പിൻ്റെ സുരക്ഷിതത്വം എങ്ങനെ ഉറപ്പാക്കാൻ സാധിക്കും എന്നത് സംബന്ധിച്ച നിർദ്ദേശം ഉൾപ്പെടുത്തി അടുത്ത ബോർഡ് യോഗത്തിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു. | | ഇതുമായി ബന്ധപ്പെട്ട അജണ്ട നോട്ട് ഇത്തവണത്തെ ബോർഡ് യോഗത്തിൽ സമർപ്പിച്ചു.<br>***അതിനാൽ, ഈ ഐറ്റം നീക്കം ചെയ്ത്, പുതിയ അജണ്ടയുടെ തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടി അടുത്ത ATR-ൽ ഉൾപ്പെടുത്തണം.*** |
| 14 | 438th meeting held on | **തിരുവനന്തപുരം താലൂക്കിലെ ശാസ്തമംഗലം വില്ലേജിലെ സർവേ നമ്പർ 185/7, ബ്ലോക്ക് നമ്പർ-1 ൽ വരുന്ന ശ്രീ. ശശി തരൂരിൻ്റെ ഉടമസ്ഥതയിലുള്ളതും തിരുവനന്തപുരം** | | |



SECRETARY MANAGING DIRECTOR CHAIRMAN

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| | 21/01/2025<br>Item No. X | **കോർപ്പറേഷനിൽ നിന്ന് ഇതിനകം കെട്ടിട പെർമിറ്റ് നൽകിയിട്ടുള്ളതായ ഭൂമിയിലെ കെട്ടിടനിർമ്മാണത്തിന് NOC അനുവദിച്ചത് – സാധൂകരണം സംബന്ധിച്ച്.**<br>**Resolution No. 11365:**<br>അതോറിട്ടി ബോർഡ് യോഗം വിഷയം ചർച്ച ചെയ്തു. തിരുവനന്തപുരം താലൂക്കിലെ ശാസ്തമംഗലം വില്ലേജിലെ സർവേ നമ്പർ 185/7, ബ്ലോക്ക് നമ്പർ-1 ൽ വരുന്ന ശ്രീ. ശശി തരൂരിൻറെ ഉടമസ്ഥതയിലുള്ളതും തിരുവനന്തപുരം കോർപ്പറേഷനിൽ നിന്ന് ഇതിനകം കെട്ടിട പെർമിറ്റ് നൽകിയിട്ടുള്ളതായ ഭൂമിയിലെ കെട്ടിടനിർമ്മാണത്തിന് നിബന്ധനകൾക്ക് വിധേയമായി NOC അനുവദിച്ച മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ചു. ഇതുമായി ബന്ധപ്പെട്ട് പൈപ്പിൻറെ സുരക്ഷിതത്വം എങ്ങനെ ഉറപ്പാക്കാൻ സാധിക്കും എന്നത് സംബന്ധിച്ച നിർദ്ദേശം കൂടി സമർപ്പിക്കാൻ നിർദ്ദേശിച്ചു. കൂടാതെ, ഇത്തരം വിഷയങ്ങളിൽ മാനേജിംഗ് ഡയറക്ടർക്ക് തന്നെ തീരുമാനം എടുക്കാമെന്നും ബോർഡ് നിർദ്ദേശിച്ചു. | | ഇതുമായി ബന്ധപ്പെട്ട അജണ്ട നോട്ട് ഇത്തവണത്തെ ബോർഡ് യോഗത്തിൽ സമർപ്പിച്ചു.<br>***അതിനാൽ, ഈ ഐറ്റം നീക്കം ചെയ്ത്, പുതിയ അജണ്ടയുടെ തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടി അടുത്ത ATR-ൽ ഉൾപ്പെടുത്തണം.*** |
| 15 | 438th meeting held on 21/01/2025<br>Item No. XI | **സുപ്രഭാതം ദിനപത്രത്തിൻറെ പരസ്യനിരക്ക് പുനർനിർണയം ചെയ്ത സർക്കാർ ഉത്തരവ് കേരള വാട്ടർ അതോറിറ്റിയിലും ബാധകമാക്കുന്നത് സംബന്ധിച്ച്.**<br>**Resolution No. 11366:**<br>അതോറിട്ടി ബോർഡ് യോഗം വിഷയം ചർച്ച ചെയ്തു. സുപ്രഭാതം ദിനപത്രത്തിൻറെ പരസ്യ നിരക്ക് പി. ആർ. ഡി അനുവദിച്ച പുതിയ നിരക്കായ കോളം സെൻറിമീറ്ററിന് 634/- രൂപ (കേരളത്തിലെ എല്ലാ എഡിഷനുകൾക്കും കൂടി) 01/02/2024 മുതൽ കേരള വാട്ടർ അതോറിറ്റിയിലും ബാധകമാക്കാൻ തീരുമാനിച്ചു. | | Proceedings No. KWA-JB/5879/2024-GL6 dated 26/02/2025 issued.<br><br>**ACTION OVER.** |

SECRETARY MANAGING DIRECTOR CHAIRMAN

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| 16 | 438th meeting held on 21/01/2025 Item No. XII | **കേരള വാട്ടർ അതോറിറ്റിയിൽ 15 വർഷം കാലാവധി പൂർത്തിയാക്കിയ ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ സ്ക്രാപ്പ്/ ലേലം ചെയ്യുന്നത് - സർക്കാർ അംഗീകൃത MSTC പ്ലാറ്റ്ഫോം വഴിയുള്ള ലേല നടപടികൾ സംബന്ധിച്ച്.**<br>Resolution No. 11367:<br>പ്രസ്തുത വിഷയം ബോർഡ് ചർച്ച ചെയ്തു. രണ്ട് തവണയോ അതിൽ കൂടുതലോ MSTC വെബ്-സൈറ്റ് വഴി സ്ക്രാപ്പ് ചെയ്യാൻ സാധിക്കാത്ത വാഹനങ്ങൾ നിയമപ്രകാരം ദർഘാസ് വിളിച്ച് ലേലം ചെയ്യുന്നതിന് തീരുമാനിച്ചു. കേരള വാട്ടർ അതോറിറ്റിയിലെ ഓരോ കാര്യാലയത്തിലേയും വാഹനങ്ങളുടെ എണ്ണം നിശ്ചയിച്ചിട്ടുള്ള നിലവിലെ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് ലേലം/ കണ്ടം ചെയ്യുന്ന വാഹനങ്ങൾക്ക് പകരം വാഹനം വാടകയ്ക്ക് എടുക്കാൻ അനുവാദം നൽകാൻ തീരുമാനിച്ചു.കൂടാതെ, പഴയ ഡിപ്പാർട്മെൻറ് വാഹനങ്ങൾ 14 വർഷം പൂർത്തിയാക്കുന്നതിന് മുമ്പ് തന്നെ ലേല നടപടികൾ പൂർത്തിയാക്കണമെന്നും ബോർഡ് നിർദ്ദേശിച്ചു. | | ബോർഡ് യോഗത്തിൻറെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശം 25/02/2025 തീയതിൽ KWA-JB/27/2023-AEE and PIO (SU) KWA-Part-(3) നമ്പർ കത്ത് മുഖേന നൽകിയിട്ടുണ്ട്.<br><br>**ACTION OVER.** |
| 17 | 438th meeting held on 21/01/2025 Item No. XIII | **കെ.ഡബ്ല്യു.എ - ആർ.എം.സി - ടാങ്കർ ലോറി വഴി സംസ്ഥാനമൊട്ടാകെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ജലം വിതരണം ചെയ്യുന്നതിനായി ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്.**<br>Resolution No. 11368:<br>അതോറിറ്റി ബോർഡ് യോഗം വിഷയം ചർച്ച ചെയ്തു. കേരള വാട്ടർ അതോറിറ്റിയുടെ വെന്റിങ് പോയിന്റിൽ നിന്നും ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തുന്നതിന് ഒരു ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിന് ബോർഡ് യോഗം തീരുമാനിച്ചു. | | IT Unit has been directed to develop such an online system (vide UO Note no: KWA-JB/6145/2024/R4(RMC)).<br><br>**ACTION OVER.** |

**SECRETARY** **MANAGING DIRECTOR** **CHAIRMAN**

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| 18 | 438th meeting held on 21/01/2025 Item No. XIV | **കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറുടെ വീട്ടു വാടക reimbursement ചെയ്യുന്നത് സംബന്ധിച്ച്.**<br>Resolution No. 11369:<br>All India Service ഉദ്യോഗസ്ഥർക്ക് വീട്ടു വാടക reimburse ചെയ്യുന്നതിന് G.O. (Ms) No. 43/2021/GAD dated 08.02.2021 പ്രകാരം അർഹതയുണ്ട്.പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് വീട്ടു വാടക reimburse ചെയ്യുന്നതിന് അനുവാദം നൽകാൻ ബോർഡ് യോഗം തീരുമാനിച്ചു. | | Proceedings issued.<br><br>**ACTION OVER.** |
| 19 | 438th meeting held on 21/01/2025 Item No. XV | **കേരള വാട്ടർ അതോറിറ്റി കേന്ദ്ര കാര്യാലയത്തിലെ CCU കെട്ടിടത്തിലെ ഓഡിറ്റോറിയത്തിന്റെ വാടക- സംബന്ധിച്ച്.**<br>Resolution No. 11370:<br>ബോർഡ് യോഗം വിഷയം ചർച്ച ചെയ്തു. ജലതര വരുമാനം വർധിപ്പിക്കുന്നതിൻറെ ഭാഗമായി താഴെ പറയും പ്രകാരം ഓഫീസ് പ്രവർത്തനം തടസപ്പെടാതെ നിബന്ധനകൾക്ക് വിധേയമായി സി.സി.യു. കെട്ടിടത്തിലെ തീയറ്റർ ഹാൾ വാടകയ്ക്ക് നൽകുന്നതിന് അതോറിറ്റി ബോർഡ് യോഗം തീരുമാനിച്ചു. | | Proceedings No. KWA-JB/506/2023-AE1 dated 25/02/2025 issued.<br><br>**ACTION OVER.** |
| 20 | 438th meeting held on 21/01/2025 | **കോഴിക്കോട് ജില്ലയിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലൂടെ കടന്നുപോകുന്ന KWA പൈപ്പ് ലൈൻ റോഡ് ടാർ ചെയ്തു ഗതാഗത യോഗ്യമാക്കുന്നത് സംബന്ധിച്ച് റോഡ് സംരക്ഷണ സമിതി ചെയർമാൻ ശ്രീ. യൂസഫ്. M സമർപ്പിച്ച അപേക്ഷയിൻമേൽ നിരാക്ഷേപ പത്രം നൽകുന്നത് സംബന്ധിച്ച്.** | | |

SECRETARY MANAGING DIRECTOR CHAIRMAN

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| | Item No. XVI | Resolution No. 11371:<br>പ്രസ്തുത വിഷയം ബോർഡ് യോഗം ചർച്ച ചെയ്തു. 8 മീറ്റർ വീതിയിൽ ഏറ്റെടുത്ത സ്ഥലത്ത് പൈപ്പ് ലൈനുകൾ സ്ഥാപിച്ച സ്ഥലം ഒഴിവാക്കി, 3 മീറ്റർ വീതിയിൽ, പൈപ്പ് ലൈനിൻറെ അറ്റകുറ്റപണികൾക്കു തടസ്സം വരാത്ത രീതിയിൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ ഉടമസ്ഥാവകാശം വാട്ടർ അതോറിറ്റിയിൽ നിലനിർത്തി കൊണ്ട് നിബന്ധനകൾക്ക് വിധേയമായി റോഡ് ടാർ ചെയ്തു ഗതാഗത യോഗ്യമാക്കുന്നതിന് അനുവാദം നൽകാൻ തീരുമാനിച്ചു. | | മാനേജിങ് ഡയറക്ടറുടെ 24-2-2025 ലെ 6183/AEE&PIO(SU)/ 2022/KWA നമ്പർ നടപടിക്രമം മുഖേന ഉത്തരവ് നല്കിയിട്ടുണ്ട്.<br><br>ACTION OVER. |
| 21 | 438th meeting held on 21/01/2025 Item No. XVII | **കൊയിലാണ്ടി താലൂക്കിലെ അവിടനല്ലൂർ വില്ലേജിലെ ജിക്ക പദ്ധതിക്കായി KWA അക്വയർ ചെയ്തതും, കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതുമായ 0.0075 Hectare സ്ഥലം ലീസിനു ലഭിക്കുന്നതിനുവേണ്ടി ശ്രീ. അഹമ്മദ് രാരോത്ത് നൽകിയ അപേക്ഷ - സംബന്ധിച്ച്.**<br>Resolution No. 11372:<br>ചർച്ചകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ കൊയിലാണ്ടി താലൂക്ക് അവിടനല്ലൂർ വില്ലേജിൽ റീ സർവ്വേ 57/69 ൽ പെട്ട കേരള വാട്ടർ അതോറിട്ടിയുടെ ഉടമസ്ഥതയിലുള്ള 0.0075 H ഭൂമി ശ്രീ. അഹമ്മദ് രാരോത്ത് എന്നവർക്ക് 38,976/- (മുപ്പത്തി എണ്ണായിരത്തി തൊള്ളായിരത്തി എഴുപത്തിയാറു രൂപ മാത്രം) വാർഷിക പാട്ട തുകയ്ക്ക് നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിന് നൽകുന്നതിന് തീരുമാനിച്ചു. | | മാനേജിങ് ഡയറക്ടറുടെ 15-2-2025 ലെ KWA-JB/757/2024-AEE and PIO(SU) KWA നമ്പർ നടപടിക്രമം മുഖേന ഉത്തരവ് നല്കിയിട്ടുണ്ട്.<br><br>ACTION OVER. |

SECRETARY MANAGING DIRECTOR CHAIRMAN

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| 22 | 438th meeting held on 21/01/2025 Item No. XVIII | **തിരുവനന്തപുരം വെള്ളയമ്പലത്തുള്ള KWA ഹെഡ് ഓഫീസ് ജലഭവൻ ക്യാമ്പസിൽ KIIDC-ന്റെ (Kerala Irrigation Infrastructure Development Corporation) ഓഫീസ് പ്രവർത്തനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വാടക നിർണയം-ഉത്തരവ് സാധൂകരിക്കുന്നത് സംബന്ധിച്ച്.**<br>Resolution No. 11373:<br>അതോറിറ്റി ബോർഡ് യോഗം പ്രസ്തുത വിഷയം ചർച്ച ചെയ്തു. ഹെഡ് ഓഫീസിൽ ക്യാമ്പസ്സിൽ നേരത്തെ JICA PMU പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലെ 614.40 m2 സ്ഥലം KIIDC യ്ക്ക് വാടകയ്ക്ക് നൽകിയ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ തീരുമാനത്തെ സാധൂകരിച്ചു. | | Ratified.<br><br>**ACTION OVER** |
| 23 | 438th meeting held on 21/01/2025 Item No. XIX | **KWA- Pipe Line Road at Aluva- GI poles installed by M/s Jio Digital Fiber Pvt Ltd without the permission of KWA- remittance of rent.**<br>**Resolution No. 11374:**<br>The Authority discussed the matter in detail and resolved that Kerala Water Authority shall fix the amount based on the maximum rates fixed by the nearby Local Self Government Institutions. The Authority also directed to consider the Security Deposit fixed by KSEBL for using their poles while fixing Security Deposit in the case of KWA. | | ഇതുമായി ബന്ധപ്പെട്ട അജണ്ട നോട്ട് ഇത്തവണത്തെ ബോർഡ് യോഗത്തിൽ സമർപ്പിച്ചു.<br>***അതിനാൽ, ഈ ഐറ്റം നീക്കം ചെയ്ത്, പുതിയ അജണ്ടയുടെ തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടി അടുത്ത ATR-ൽ ഉൾപ്പെടുത്തണം.*** |



**SECRETARY** **MANAGING DIRECTOR** **CHAIRMAN**

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| 24 | 438th meeting held on 21/01/2025 Item No. XX | **NWR (ജലേതര വരുമാനം) പദ്ധതികൾ – ആസൂത്രണവും നടപ്പിലാക്കലും സംബന്ധിച്ച്.**<br><br>**Resolution No. 11375:**<br>അതോറിട്ടി ബോർഡ് യോഗം പ്രസ്തുത വിഷയം ചർച്ച ചെയ്തു. പ്രസ്തുത വിഷയം തത്വത്തിൽ അംഗീകരിക്കാൻ ബോർഡ് തീരുമാനിച്ചു. എന്നാൽ, PPP – BOT മാതൃകയിൽ പദ്ധതികൾ നടപ്പിലാക്കുന്നത് സർക്കാരിൻറെ നയപരമായ തീരുമാനത്തിൽ വരുന്ന കാര്യമായതിനാൽ പ്രസ്തുത വിഷയം സർക്കാരിൻറെ പരിഗണനയ്ക്ക് വിടാൻ ബോർഡ് യോഗം തീരുമാനിച്ചു. കേരള വാട്ടർ അതോറിറ്റിയുടെ വരുമാനത്തിൽ നിന്നും നടപ്പിലാക്കാവുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് തടസ്സമില്ല എന്നും ബോർഡ് തീരുമാനിച്ചു. | | Letter submitted to Govt. for considering PPP-BOT Model for NWR Projects.<br><br>**ACTION OVER.** |
| 25 | 438th meeting held on 21/01/2025 Item No. XXI | **ഇടുക്കി ജില്ലയിലെ NWR (ജലേതര വരുമാനം) പ്രോജക്ടുകൾ – മുട്ടം, ചെറുതോണി പ്ലാന്റുകൾ, പൈനാവ് OH ടാങ്ക് എന്നിവിടങ്ങളിലെ ഗസ്റ്റ് ഹൗസ് നിർമ്മാണം സംബന്ധിച്ച്.**<br>**Resolution No. 11376:**<br>അതോറിട്ടി ബോർഡ് യോഗം വിഷയം ചർച്ച ചെയ്തു. പ്രസ്തുത പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയുടെ വരുമാനത്തിൽ നിന്നും നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകാൻ ബോർഡ് തീരുമാനിച്ചു. | | Proceedings issued.<br>**ACTION OVER.** |

**SECRETARY** **MANAGING DIRECTOR** **CHAIRMAN**

| Sl. No. | Item No and date of Authority Meeting | Subject & Resolution | Action Taken | Present Action |
|---|---|---|---|---|
| 26 | 438th meeting held on 21/01/2025 Item No. XXII | **അടുത്തവർഷം (2025-26) മുതൽ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം തുക കണ്ടെത്തുന്നതിന് ജീവനക്കാരുടെ വിഹിതം കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.**<br>**Resolution No. 11377:**<br>അതോറിറ്റി ബോർഡ് യോഗം വിഷയം വിശദമായി ചർച്ച ചെയ്തു. കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി അടുത്ത ദർഘാസ് ക്ഷണിക്കുമ്പോൾ ആശ്രിതരായ മാതാപിതാക്കളെയും മക്കളെയും മാത്രം ഉൾപ്പെടുത്തിയാൽ മതിയെന്നും ജീവനക്കാരിൽ നിന്നും MEDISEP മാതൃകയിൽ പ്രതിമാസം 500 രൂപ പ്രീമിയം തുകയായി ഈടാക്കണമെന്നും തീരുമാനിച്ചു. | | A meeting was convened and communicated the board decision and for proceeding with the renewal of insurance for the year 2024-25. The decision of Rs 500/- as contribution from employees was opposed by the Trade unions and Engineers Associations. A fresh agenda note incorporating above details placed before this Board.<br>***Hence, this item to be removed and action taken on new agenda to be included in next ATR.*** |
